**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1123

05.03.2018- ൽ മറുപടിയ്ക്ക്

## നെരൂദ തിയേറ്റേഴ്സിന് ഭൂമി പതിച്ചു നൽകാൻ നടപടി

ചോദ്യം

ശ്രീ.എം. രാജഗോപാലൻ

മറുപടി

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി |
|---|---|---|
| (എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നടക്കാവ് പ്രവർത്തിക്കുന്ന നെരൂദ തിയേറ്റേഴ്സ് സ്ഥിതിചെയ്യുന്ന പഞ്ചായത്ത് പുറമ്പോക്ക് ഭൂമി പ്രസ്തുത സാംസ്കാരിക സംഘടനയ്ക്ക് വിട്ടു നൽകാമെന്ന് തൃക്കരിപ്പൂർ പഞ്ചായത്ത് വ്യവസ്ഥ ചെയ്തതിൻ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, ഈ ഭൂമി കൈമാറി നൽകാൻ റവന്യൂ വകുപ്പിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ;<br><br>ബി) ഭൂമി പതിച്ചു നൽകേണ്ട ഉത്തരവാദിത്തം റവന്യൂ അധികൃതരിൽ നിക്ഷിപ്തമായിരിക്കെ റവന്യൂ വകുപ്പിലേക്ക് കൈമാറിയ ഭൂമി പ്രസ്തുത സംഘടനയ്ക്ക് പതിച്ചു നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | എ) & ബി) | നിലവിൽ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും ഭൂമി പതിച്ചു നൽകേണ്ടതില്ല എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. വിവിധ കലാസാംസ്കാരിക സ്ഥാപനങ്ങളും വായനശാലകളും സാമുദായിക സംഘടനകളും ആരാധനാലയങ്ങളും ചാരിറ്റബിൾ സ്ഥാപനങ്ങളും മറ്റും കാലങ്ങളായി കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ ഓരോ സ്ഥാപനവും പ്രവർത്തിക്കുന്നതിന് വേണ്ടുന്ന ഏറ്റവും കുറഞ്ഞ വിസ്തീർണ്ണം ഭൂമി മാത്രം വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാപനങ്ങൾക്ക് പതിച്ചു നൽകുകയോ പാട്ടത്തിന് നൽകുകയോ ചെയ്തതിനുശേഷം ബാക്കി വരുന്ന ഭൂമി സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ നയപരമായ അന്തിമ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ ഓരോ കേസും പരിശോധിച്ച് സംഘടനയ്ക്ക് ഭൂമി പതിച്ചു നൽകാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ